അക്കൗണ്ടന്റ് / സെക്ഷൻ ഓഫീസർ	- 126
അണ്ടർ സെക്രട്ടറി	- 103
ഡെപ്യൂട്ടി സെക്രട്ടറി	- 26
ജോയിന്റ് സെക്രട്ടറി	- 53
അഡീഷണൽ സെക്രട്ടറി	- 28
സ്പെഷ്യൽ സെക്രട്ടറി	- 1

നിയമ വകുപ്പ്

ലീഗൽ അസിസ്റ്റന്റ്	- 93
സെക്ഷൻ ഓഫീസർ	- 31
അണ്ടർ സെക്രട്ടറി	- 24
ഡെപ്യൂട്ടി സെക്രട്ടറി	- 25
ഡെപ്യൂട്ടി സെക്രട്ടറി (തമിഴ് ട്രാൻസ്ലേഷൻ)	- 1
ജോയിന്റ് സെക്രട്ടറി	- 16
അഡീഷണൽ ലാ സെക്രട്ടറി	- 12
സ്പെഷ്യൽ സെക്രട്ടറി	- 1

(സി) വിവിധ ഡയറക്ടറേറ്റുകളിലും പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെയുള്ള പ്രൊമോഷൻ

51 (6198) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ അസിസ്റ്റന്റ് കേഡറിൽ കെ. എസ്. & എസ്. എസ്. ആർ. ചട്ടം 27 പ്രകാരം നിഷ്കർഷിക്കുന്ന സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ ട്രൈബ്രാൻസ്ഫർ പ്രകാരം സെക്രട്ടേറിയറ്റ് സർവ്വീസിൽ സെക്ഷൻ ഓഫീസർമാരായി നിയമിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പൊതുഭരണവകുപ്പ് സെക്രട്ടറി കൺവീനറായ ഡി. പി. സി. (ലോവർ) ചേരുമ്പോൾ 4-12-1979-ലെ സർക്കാർ സർക്കുലർ നമ്പർ 113789/ Rule-1/79/GAD-യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രൊഫോർമയിൽ അനധികൃതമായി തിരുത്തൽ വരുത്തി കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ച് സെലക്ട് ലിസ്റ്റ് സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതിയുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെക്രട്ടേറിയറ്റ് സ്റ്റേറ്റ് സർവ്വീസിലെ എൻട്രി തസ്തികയായ സെക്ഷൻ ഓഫീസർ നിയമനത്തിൽ ഫീഡർ കാറ്റഗറികളുടെ സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ സെലക്ട് ലിസ്റ്റ് സൃഷ്ടിച്ചെടുക്കുന്നത് ഭരണഘടനയിലും നിയമത്തിലും നിലനിൽക്കുന്ന റിസർവേഷൻ അട്ടിമറി നടത്തുവാനാണെന്നത് സംബന്ധിച്ച് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് ലഭിച്ച പരാതി സംസ്ഥാന സർക്കാരിന് നടപടികൾക്കായി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചത് ;

(ഡി) നാളിതുവരെ സെക്രട്ടേറിയറ്റിൽ സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ (ചട്ടം 27-ൽ നിഷ്കർഷിക്കുന്ന) നടത്തിയ പ്രൊമോഷനുകൾ ഏതുതരത്തിൽ ക്രമീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത നിയമനമല്ലാതെ പ്രൊമോഷൻ പ്രകാരം സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിച്ചു നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് നൽകിയ മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) സെക്രട്ടേറിയറ്റിൽ സീനിയോറിറ്റി ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കാറില്ല. എങ്കിലും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പരാതികൾ സ്വീകരിച്ച് അത് പരിഹരിച്ചതിനുശേഷം ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പരാതികൾ സ്വീകരിച്ച് അത് പരിഹരിച്ചതിനുശേഷം ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് ഗ്രഡേഷൻ ലിസ്റ്റ് എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട് ഈ സാഹചര്യത്തിലാണ് 4-12-1979-ലെ സർക്കാർ സർക്കുലർ നമ്പർ 113789/Rule-1/79/GAD യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രൊഫോർമയിലെ ഇനം 13 -ൽ 'as per the final seniority list of the department approved and published in the Gazette' എന്ന ഭാഗം ഒഴിവാക്കുന്നത്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി & ഇ) സെക്രട്ടേറിയറ്റിൽ സീനിയോറിറ്റി ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കാറില്ല. എങ്കിലും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പരാതികൾ സ്വീകരിച്ച് അത് പരിഹരിച്ചതിനുശേഷം ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് ഗ്രഡേഷൻ ലിസ്റ്റ് എന്ന പേരിൽ പ്രസിദ്ധികരിക്കുകയും ചെയ്യുന്നുണ്ട്. കെ. എസ്. & എസ്.എസ്.ആർ. ചട്ടം 27-ൽ നിഷ്കർഷിക്കുന്ന ഓർഡർ ഓഫ് സീനിയോറിറ്റി തെറ്റിക്കാതെ തന്നെയാണ് ഇതുവരെയും ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ നാളിതുവരെ നടത്തിയ പ്രൊമോഷനുകൾ ക്രമീകരിക്കേണ്ട ആവശ്യം വരുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly